# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6164 02.04.2018-ൽ മറുപടിക്ക്**

**വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് എൽ.ഇ.ഡി തെരുവുവിളക്കുകൾ**

| | ചോദ്യം<br><br>ശ്രീ. റ്റി.വി.രാജേഷ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി മുഴുവൻ തെരുവുവിളക്കു കളും എൽ.ഇ.ഡി ആക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് MLA LAD സ്കീം മുഖാന്തിരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി നേരിട്ട് സഹകരിച്ചും കെ. എസ്. ഇ. ബി. ലിമിറ്റഡ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതു നിരത്തുകളിലെ ബൾബുകൾ എൽ. ഇ. ഡി.-യിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും, വല്ലച്ചിറ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജക മണ്ഡലം, നെന്മാണിക്കര ഗ്രാമ പഞ്ചായത്ത്, മട്ടന്നൂർ ഗ്രാമ പഞ്ചായത്ത്, കോതമംഗലം നിയോജകമണ്ഡലം തുടങ്ങിയവിടങ്ങളിൽ എൽ. ഇ. ഡി. തെരുവ് വിളക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകൾ എൽ. ഇ. ഡി. ആക്കി മാറ്റുന്നതിനുള്ള ഏകദേശം 538 കോടിയോളം മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. |
| (ബി) | ഏറ്റവും കൂടുതൽ വൈദ്യുതി ഉപഭോഗം വരുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ, മുൻ മാസങ്ങളിലെ വൈദ്യുതി ഉപയോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവ് വൈദ്യുതി ഉപയോഗിച്ച ഉപഭോക്താക്കൾക്ക് എൽ. ഇ. ഡി ബൾബ് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ? | (ബി) | ഇല്ല. |

Hemalatha

സെക്ഷൻ ഓഫീസർ